# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -T 4203 | 24.10.2016 ൽ മറുപടിയ്ക്ക്

## കാണാതാകുന്ന കുട്ടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് കാണാതാകുന്ന കുട്ടികളെ സംബന്ധിച്ച കേസുകളുടെ എണ്ണം കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | (എ) ഉണ്ട്. കുട്ടികളെ കാണാതാകുന്നത് സംബന്ധിച്ച കേസുകൾ റിപ്പോർട്ട് ചെയ്താൽ ഇത് സംബന്ധമായി ഊർജ്ജിതമായ അന്വേഷണം നടത്തുകയും , 15 ദിവസത്തിനുള്ളിൽ കുട്ടിയെ കണ്ടെത്താൻ സാധിച്ചില്ലെങ്കിൽ ടി കേസ് ഗ്രേവ് ക്രൈമായി പരിഗണിച്ച് അന്വേഷണം ബന്ധപ്പെട്ട ഇൻസ്പെക്ടർമാരെ ഏൽപ്പിക്കുകയും,തുടർന്ന് 30 ദിവസത്തിനുള്ളിലും കുട്ടിയെ കണ്ടെത്താൻ സാധിച്ചില്ലെങ്കിൽ തുടർ അന്വേഷണത്തിനായി പ്രത്യേക അന്വേഷണസംഘത്തെ ചുമതലപ്പെടുത്തി കുട്ടികളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) കാണാതാകുന്ന കുട്ടികളെ സംബന്ധിച്ച്, ബാലാവകാശ കമ്മീഷനുകളിൽ നിന്ന് സമീപകാലത്ത് ഏതെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) ബാലാവകാശ കമ്മിഷന്റെ 30/03/2016 ലെ 377/2014/KeSCPCR നമ്പർ ഉത്തരവിലെ ബന്ധപ്പെട്ട നിർദ്ദേശങ്ങളിന്മേൽ നടപടിയെടുക്കുവാൻ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Rashmi T.

സെക്ഷൻ ഓഫീസർ